**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി നിർമ്മിക്കുന്ന ആയുർവ്വേദ ഔഷധങ്ങൾ വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അനുമതി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. **2366 /2016**/തസ്വഭവ തീയതി, തിരുവനന്തപുരം : **05.08.2016.**

---

പരാമർശം :- (1) സ.ഉ(സാധാ)നം. 2745 **/2014**/തസ്വഭവ തീയതി 23.10.2014.

(2) കണ്ണൂർ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറിയുടെ 21.04.2016 തീയതിയിലെ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആയുർവ്വേദ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും കണ്ണൂർ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും ഔഷധങ്ങൾ വാങ്ങുന്നതിനുള്ള അനുമതി പരാമർശം (1) ഉത്തരവ് പ്രകാരം 31.07.2014 മുതൽ രണ്ട് വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിരുന്നു. പ്രസ്തുത അനുമതി സ്ഥിരമായി നൽകണമെന്ന് പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആയുർവ്വേദ ആശുപത്രികൾക്കുംഡിസ്പെൻസറികൾക്കും കണ്ണൂർ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും നേരിട്ട് ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോള (ആയുർവ്വേദ) റുടെ ജി.എം.പി സർട്ടിഫിക്കറ്റിന്റെ കാലാവധി അവസാനിക്കുന്നതുവരെ (01.02.2017 വരെ) ഔഷധങ്ങൾ വാങ്ങുന്നതിനുള്ള അനുമതി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എ.കെ.മോഹനകുമാർ**

ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ,തിരുവനന്തപുരം
സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
സെക്രട്ടറി, പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി, കണ്ണൂർ.
ഡയറക്ടർ, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ (ഐ.എസ്.എം) തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ആഫീസർമാർക്കും
സംസ്ഥാനതല റിസ്സോഴ്സ് ഗ്രൂപ്പ് ബന്ധപ്പെട്ട എല്ലാവരെയും അറിയിക്കേണ്ടതാണ്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് , തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**